**തിരുവനന്തപുരം വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

**(ഹാജർ ഃഎ.മെഹർനിസ)**

ഇഎ്2/16774/2014 തീയതി: 22/07/15

വിഷയം : വ്യവസായം – ജീവനക്കാര്യം – ഡ്രൈവർ-റേഷ്യോ പ്രൊമോഷൻ ഉത്തരവ്-പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച്

പരാമർശം : – 1) ജി.ഒ (പി) നമ്പർ 85/2011/ഫിൻ തീയതി 26/02/2011
2) ജി.ഒ (പി) നമ്പർ 145/2011/ഫിൻ തീയതി 30/03/2011
3) ജി.ഒ (എം.എസ്) നമ്പർ 267/2013/(162)/ഫിൻ തീയതി 03/06/13

വ്യവസായ വാണിജ്യ വകുപ്പിലെ ഡ്രൈവർ തസ്തികയിൽ സെലക്ഷൻ ഗ്രേഡ് തസ്തികയിൽ ജോലി നോക്കിയിരുന്ന ശ്രീ.പി.സത്യപാലന് 29/05/2015 തീയതിയിൽ ഇഎ്1/822/14 തീയതി 29/05/2015 ഉത്തരവ് പ്രകാരം ക്ലാർക്ക് തസ്തികയിൽ സ്ഥാനക്കയറ്റം ലഭിയ്ക്കുകയും 30/05/2015 പൂർവ്വാഹ്നം സേവനത്തിൽ നിന്നും വിരമിക്കുകയും ചെയ്തതിനാൽ സീനിയോരിറ്റി പട്ടികയിൽ അടുത്ത ക്രമ നമ്പർ കാരനായ ശ്രീ.കെ.എസ്.മുഹമ്മദ് ഹനീഫ (സീനിയർ ഗ്രേഡ്) സെലക്ഷൻ ഗ്രേഡ് പ്രൊമോഷന് അർഹത നേടിയിട്ടുണ്ട്. ആയതിനാൽ ടിയാന് അർഹതപ്പെട്ട സെലക്ഷൻ ഗ്രേഡ് പ്രൊമോഷൻ അനുവദിച്ച് നൽകേണ്ടതുണ്ട്.

| ക്രമ നം. | പേര് | നിലവിലെ ഗ്രേഡ് | പ്രാബല്യ തീയതി | ഓഫീസ് |
|---|---|---|---|---|
| 2 | മുഹമ്മദ് ഹനീഫ.കെ.എസ് | സീനിയർ ഗ്രേഡ് | 01/06/2015 | ജില്ലാ വ്യവസായ കേന്ദ്രം. കാസർഗോഡ് |

**ഉത്തരവ്**

മേൽ സാഹചര്യത്തിൽ വ്യവസായ വാണിജ്യ വകുപ്പിലെ സീനിയർ ഗ്രേഡ് ഡ്രൈവർമാരിൽ നിന്നും ശ്രീ. മുഹമ്മദ് ഹനീഫ.കെ.എസ്-നെ 14620-25280/- രൂപ ശമ്പള സ്കെയിലിൽ സെലക്ഷൻ ഗ്രേഡ് ഡ്രൈവറായി റേഷ്യോ പ്രമോഷൻ നൽകി ഉത്തരവാകുന്നു. ടി ഉദ്യോഗസ്ഥന് 01/06/2015 തീയതി മുതൽ അർഹതയുണ്ടായിരിക്കും.

ഈ ഉത്തരവ് പ്രകാരം പ്രമോഷൻ ലഭിച്ച ജീവനക്കാരൻ ഉത്തരവ് തീയതി മുതൽ ഒരു മാസത്തിനകം ശമ്പള നിർണ്ണയം സംബന്ധിച്ച് പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരമുള്ള ഓപ്ഷൻ നൽകിയിരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച വിവരങ്ങൾ ജീവനക്കാരന്റെ സേവനപുസ്തകത്തിൽ നിയന്ത്രണാധികാരികൾ രേഖപ്പെടുത്തേണ്ടതാണ്.

ഒപ്പ്/-
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

സ്വീകർത്താവ് ഃ-
മുഹമ്മദ് ഹനീഫ.കെ.എസ്. ജില്ലാ വ്യവസായ കേന്ദ്രം. കാസർഗോഡ്

പകർപ്പ് ഃ-
1. **ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം. കാസർഗോഡ്**
2. **സൂക്ഷിപ്പ് ഫയൽ/അധിക പകർപ്പ്**

ഉത്തരവിൻ പ്രകാരം
Sindhu
ജൂനിയർ സൂപ്രണ്ട്